# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5121    06.02.2014-ൽ മറുപടിയ്ക്ക്

### ടി. പി. ചന്ദ്രശേഖരൻ വധക്കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകമോ, വധശ്രമമോ, ഗൂഢാലോചനയോ മറ്റോ ആയി രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണ്; അവ ഏതൊക്കെ ; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ, ഏതെല്ലാം തീയതികളിൽ, ഏതെല്ലാം വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയാണെന്ന് വിശദമാക്കാമോ ; | (എ) വടകര പോലീസ് സ്റ്റേഷനിൽ 04-05-2012 ൽ രജിസ്റ്റർ ചെയ്ത ക്രൈം. നം. 433/12 u/s 302/IPC & 3 of Explosive Substanc Act നമ്പർ കേസ് ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകവുമായി ബന്ധപ്പെട്ടായിരുന്നു. ചോമ്പാല പോലീസ് സ്റ്റേഷനിൽ 24-5-2012 ന് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 233/12 u/s 143, 147, 148, 115, 118, 120 (b) r/w 149 IPC നമ്പർ കേസ് ഗൂഢാലോചന സംബന്ധിച്ചായിരുന്നു. എടച്ചേരി പോലീസ് സ്റ്റേഷനിൽ 03-02-2014 ൽ രജിസ്റ്റർ ചെയ്ത ക്രൈം. നം. 85/2014 u/s 120(B)/302 IPC നമ്പർ കേസ് ഗൂഢാലോചന സംബന്ധിച്ച് ശ്രീമതി രമയുടെ ഹർജ്ജിയുടെ അടിസ്ഥാനത്തിലായിരുന്നു. |
| ബി) ഇവയിൽ ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് ; അവശേഷിക്കുന്നവ ഏതൊക്കെ ; അവയുടെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷിക്കുന്നത് ആരുടെ നേതൃത്വത്തിൽ ആരൊക്കെയാണ് ; | (ബി) മേൽപ്പറഞ്ഞ രണ്ട് കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ക്രൈം നം. 85/2014 നമ്പർ കേസിൽ ഉത്തര മേഖല പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. |
| സി) വധശ്രമത്തിനും, ഗൂഢാലോചനയ്ക്കും എന്ന നിലയിൽ കേസ് എടുത്തത് ഏതെല്ലാം തീയതികളിലായിരുന്നു; വധശ്രമം നടന്നതായി പറയപ്പെടുന്നത് ഏത് തീയതികളിലാണ് ; ഗൂഢാലോചന നടന്നതായി പറയപ്പെടുന്നത് ഏത് തീയതിയിലാണ്; | (സി വധശ്രമത്തിന് കേസെടുത്തിട്ടില്ല. ഗൂഢാലോചനയ്ക്ക് കേസെടുത്തത് 24-05-2012 03-02-2014 എന്നീ തീയതികളിലാണ്. ഗൂഢാലോചന നടന്നത് 2009 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ് |
| ഡി) അവശേഷിക്കുന്ന കേസുകൾ ഓരോന്നിലെയും പ്രതികൾ ആരൊക്കെയാണ്; കേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും ആർ.എം.പി. നേതാക്കളും ചൂണ്ടിക്കാണിച്ചതല്ലാത്തവർ ആരെങ്കിലും പ്രതികളായിട്ടുണ്ടോ ? | (ഡി) രണ്ടുകേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് ക്രൈം. നം. 85/2014 നമ്പർ കേസ് അന്വേഷണാവസ്ഥയിലായതിനാൽ പ്രതികളുടെ വിവരം ലഭ്യമല്ല. പ്രതികളെ ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. ശാസ്ത്രീയമായ അന്വേഷണത്തിലൂടെ പ്രതികളെ കണ്ടെത്തിയാണ് കുറ്റ പത്രം സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ